# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4050 27.06.2012 ൽ മറുപടിയ്ക്ക്**

**ജലസേചന വകുപ്പിന്റെ കെട്ടിടം പ്രീമെട്രിക്ക് ഹോസ്റ്റലിനായി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.പി. വിൻസെന്റ് | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| **(എ)** തൃശ്ശൂർ ജില്ലയിലെ ചുവന്നമണ്ണ് പ്രീമെട്രിക് ഹോസ്റ്റലിനായി പീച്ചിയിൽ ജലവിഭവ വകുപ്പിന്റെ ഒഴിഞ്ഞു കിടക്കുന്ന ക്യാന്റീൻ കെട്ടിടം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>**(ബി)** ഇതിന്റെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ? | **(എ) & (ബി)**<br><br>പീച്ചി ഡാമും പരിസരവും സംരക്ഷിത മേഖലയും നിരോധിത മേഖലയും ആണെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ പീച്ചി ക്യാന്റീൻ കെട്ടിടം ഹോസ്റ്റൽ നടത്തുവാൻ പര്യാപ്തമായ രീതിയിൽ സുരക്ഷിതവുമല്ല. ആകയാൽ ചുവന്ന മണ്ണ് പ്രീമെട്രിക്ക് ഹോസ്റ്റലിനായി പീച്ചിയിൽ ജലവിഭവ വകുപ്പിന്റെ ക്യാന്റീൻ കെട്ടിടം ലഭ്യമാക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ